(സി) 676 അപേക്ഷകൾ. 641 പ്രാഥമിക സഹകരണ സംഘങ്ങൾക്കും 5 ജില്ലാ സംഘങ്ങൾക്കും അഫിലിയേഷൻ നൽകിയിട്ടുണ്ട്. അഫിലിയേഷൻ നൽകിയിട്ടുള്ള സംഘങ്ങളുടെ പേര് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. *

(ഡി) 16 സംഘങ്ങൾക്ക്. സംഘങ്ങളുടെ പേരുവിവരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. *

(ഇ) 35 എണ്ണം. സംഘങ്ങളുടെ പേരുവിവരം അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു. *

നെയ്യാർഡാമിലെ ദേശീയ മത്സ്യ വിത്തുല്പാദനകേന്ദ്രം

4 (2879) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാമിലെ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന് നാളിതുവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) നെയ്യാർഡാമിലെ "അക്വേറിയം" കെട്ടിടം പണിയുന്നതിന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത അക്വേറിയം കെട്ടിടം പണിപൂർത്തീകരിക്കുന്നതിന് എത്ര തുക കൂടി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) അക്വേറിയം തുറക്കുന്നതിന് കെട്ടിടം പണിയിനത്തിലല്ലാതെ ഇനി എന്തു തുക വേണ്ടിവരും ; ഇതിനുള്ള തുക വകയിരുത്തിയിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയിൽ സാമ്പത്തിക ക്രമക്കേടും അഴിമതിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത കേന്ദ്രത്തിനനുവദിച്ച തുക മുഴുവനും അക്വേറിയം പണിയാനായി ചെലവഴിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തി ഉത്തരവാദികളെ കണ്ടെത്തി അവർക്കെതിരെ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നാളിതുവരെ 26 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ബി) 64,23,217 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) 31 ലക്ഷം രൂപകൂടി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(ഡി) ഇനിയും 45 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ഇ& എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly